പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2215     22.01.2014 ൽ മറുപടിക്ക്

## സി. എ. ജി. പരിശോധനയ്ക്കുള്ള തടസ്സങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ: | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | ഗതാഗതവകുപ്പിന്റെ വരവു - ചെലവു കണക്കുകൾ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ പരിശോധനയ്ക്കു വിധേയമാക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (എ) | റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ആക്ട്, 1950 അനുസരിച്ച് കെ.എസ്.ആർ.ടി.സി യുടെ വരവു - ചെലവു കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിന് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. അതനുസരിച്ച് 2010-11 വരെയുള്ള ആഡിറ്റ് പൂർത്തിയാക്കുകയും, 2011-12 ലെ ആഡിറ്റ് നടന്നുവരികയുമാണ്. ആയതിനാൽ കെ.എസ്.ആർ.ടി.സിയിൽ വരവു - ചെലവു കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിൽ നിലവിൽ യാതൊരു തടസ്സവും നിലനിൽക്കുന്നില്ല. ജലഗതാഗത വകുപ്പിലും മോട്ടോർ വാഹന വകുപ്പിലും വരവു - ചെലവു കണക്കുകൾ പരിശോധന നടത്തിവരുന്നത് അക്കൗണ്ടന്റ് ജനറൽ (എ&ഇ) ആണ്. ടി വകുപ്പുകളിലെ കണക്കുകൾ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ പരിശോധിക്കുന്നതിന് യാതൊരു തടസ്സവും നിലവിലില്ല. |

സെക്ഷൻ ഓഫീസർ